## നിറപുത്തരി ആഘോഷം

**മൂവാറ്റുപുഴ:** തൃക്കളത്തൂർ ശ്രീരാമ സ്വാമി ക്ഷേത്രത്തിൽ നിറപുത്തരി ആഘോഷം നടന്നു. മേൽശാന്തി വാരണംകൊട്ട് മഠം ശങ്കരൻ പോറ്റിയുടെ കാർമികത്വത്തിൽ അപ്പം അട എന്നിവ നേദിച്ച് പൂജ ചെയ്ത് ശ്രീകോവിലിൽ നെൽക്കതിർ സമർപ്പിച്ചു. ഭക്തജനങ്ങൾക്ക് പ്രസാദമായി നെൽക്കതിരുകൾ നൽകി. ക്ഷേത്ര സേവാ സമിതി പ്രസിഡന്റ് ആർ. നീലകണ്ഠ വാര്യർ, സെക്രട്ടറി കെ.എൻ.മനോജ് എന്നിവർ നേതൃത്വം നൽകി.

# വിശ്വജ്യോതിയിൽ ഫോറിൻ ലാംഗ്വേജ് ഡിവിഷൻ ഉദ്ഘാടനം

**മൂവാറ്റുപുഴ:** വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ബിടെക് പഠനത്തോടൊപ്പം കൂടുതൽ ജോലി സാധ്യതകളും വിദേശഭാഷാ പരിജ്ഞാനവും വിദ്യാർഥികൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഫോറിൻ ലാംഗ്വേജ് ഡിവിഷന്റെ ഔദ്യോഗിക ഉദ്ഘാടനം കോളജ് മാനേജർ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ നിർവഹിച്ചു. ഡയറക്ടർ ഫാ.പോൾ നെടുമ്പുറത്ത്, ട്രസ്റ്റ് സെക്രട്ടറി കെ.ഫ്രാൻസിസ് ജോർജ്, പ്രിൻസിപ്പൽ കെ.കെ.രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, ട്രസ്റ്റ് ട്രഷറർ ലൂക്കാച്ചൻ ഓലിക്കൽ, ജോണി നെല്ലൂർ, കെ. ടി.മാത്യു കൊച്ചുമുട്ടം, വി.വി.കുര്യൻ വള്ളമറ്റം തുടങ്ങിയവർ പങ്കെടുത്തു. പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചു.



**വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ബിടെക് പഠനത്തോടൊപ്പം കൂടുതൽ ജോലി സാധ്യതകളും വിദേശഭാഷാ പരിജ്ഞാനവും വിദ്യാർഥികൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഫോറിൻ ലാംഗ്വേജ് ഡിവിഷന്റെ ഔദ്യോഗിക ഉദ്ഘാടനം കോളജ് മാനേജർ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ നിർവഹിക്കുന്നു.**